പതിനാലാം കേരള നിയമസഭ

# യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2019-2021)

## എട്ടാമത് റിപ്പോർട്ട്

(2021 ജനുവരി 22-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**(പി. എസ്. സി. റാങ്ക് പട്ടികകളിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ നിയമനകാര്യങ്ങളിൽ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച്)**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2021

# പതിനാലാം കേരള നിയമസഭ

## യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2019-2021)

### എട്ടാമത് റിപ്പോർട്ട്

(2021 ജനുവരി 22-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**(പി. എസ്. സി. റാങ്ക് പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ നിയമനകാര്യങ്ങളിൽ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച്)**

197/2021.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |

# സമതിയുടെ ഘടന

## (2019-2021)

<u>അദ്ധ്യക്ഷൻ:</u>

ശ്രീ. റ്റി. വി. രാജേഷ്, എം.എൽ.എ.

<u>അംഗങ്ങൾ:</u>

ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.

ശ്രീ. എൽദോ എബ്രഹാം, എം.എൽ.എ.

ശ്രീ. വി. കെ. പ്രശാന്ത്, എം.എൽ.എ.

ശ്രീ. കെ. രാജൻ, എം.എൽ.എ.

ശ്രീ. ആർ. രാജേഷ്, എം.എൽ.എ.

ശ്രീ. കെ. എസ്. ശബരീനാഥൻ, എം.എൽ.എ.

ശ്രീ. ഐ. ബി. സതീഷ്, എം.എൽ.എ.

ശ്രീ. എം. സ്വരാജ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. മാത്യൂക്കുട്ടി ജി., അഡീഷണൽ സെക്രട്ടറി

ശ്രീ. പി. എസ്. സെൽവരാജൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ബിന്ദു എസ്., അണ്ടർ സെക്രട്ടറി.

# ആമുഖം

കേരള നിയമസഭയുടെ യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2019-2021)-യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർ നിരവധി ഉള്ള സംസ്ഥാനമാണ് കേരളം. പി. എസ്. സി.-യുടെ വിവിധ റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ നിയമന കാര്യങ്ങളിൽ നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനായി വിവിധ പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളുടെ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് 7-10-2020, 15-10-2020, 28-10-2020, 6-11-2020 എന്നീ തീയതികളിൽ വീഡിയോ കോൺഫറൻസ് സംവിധാനത്തിലൂടെ സമിതി യോഗങ്ങൾ സംഘടിപ്പിക്കുകയും ഉദ്യോഗാർത്ഥികളിൽ നിന്ന് നേരിട്ട് പരാതി കേൾക്കുകയും ടി പരാതികളിന്മേലും കൂടാതെ ഇ-മെയിൽ മുഖേനയും തപാൽ മാർഗവും ലഭിച്ച പരാതികളും സമിതി പരിഗണിക്കുകയും പ്രസ്തുത പരാതികളിന്മേലുള്ള സമിതി തീരുമാനം/നിർദ്ദേശത്തോടൊപ്പം റിപ്പോർട്ടിനായി സർക്കാരിലേക്ക് അയയ്ക്കുകയും ചെയ്തു. ഉദ്യോഗാർത്ഥികളെ നേരിൽ കേട്ടതിൽ നിന്നും ലഭ്യമായ വിവരങ്ങൾ, സമിതി മുമ്പാകെ ലഭിച്ച വിവിധ ഹർജികളിലെ വിഷയങ്ങൾ, ഹർജികളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച റിപ്പോർട്ടുകൾ എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള സമിതിയുടെ നിഗമനങ്ങളും ശിപാർശകളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2021 ജനുവരി 20-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

റ്റി. വി. രാജേഷ്,
*അദ്ധ്യക്ഷൻ,*
*യുവജനക്ഷേമവും യുവജനകാര്യവും*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2021 ജനുവരി 22.

# റിപ്പോർട്ട്

സർക്കാർ സർവ്വീസിൽ ഒരു ജോലി നേടുക എന്നത് യുവജനങ്ങളുടെ സ്വപ്നമാണ്. സംസ്ഥാന സർവ്വീസിൽ ആയത് സാക്ഷാത്കരിക്കുന്നത് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ അഭ്യസ്തവിദ്യരായ തൊഴിൽരഹിതരുള്ള സംസ്ഥാനമായ കേരളത്തിൽ സർക്കാർ/അർദ്ധസർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിലെ വിവിധ തസ്തികകളിലെ നിയമനത്തിനായി ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുകയും പരീക്ഷകൾ നടത്തി റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുകയും പ്രസ്തുത തസ്തികകളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിലേക്ക് നിയമന ശിപാർശ നൽകുകയും ചെയ്യുന്ന സ്ഥാപനമാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ. വർഷം തോറും അറുപത് ലക്ഷത്തിലധികം അപേക്ഷകൾ കൈകാര്യം ചെയ്യുന്ന പി.എസ്.സി. യുടെ പരീക്ഷാ നടത്തിപ്പ്, റാങ്ക് ലിസ്റ്റ് തയ്യാറാക്കൽ, റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകൾ നികത്തൽ എന്നിവ സംബന്ധിച്ചും വിവിധ വകുപ്പുകളിലെ വിവിധ തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാതിരിക്കുന്നത് സംബന്ധിച്ചും ഉദ്യോഗാർത്ഥികൾക്ക് പല ആക്ഷേപങ്ങളും ഉണ്ടാകാമെന്നതിനാൽ ഇത് യുവജനങ്ങളെ വളരെയധികം ബാധിക്കുന്ന ഒരു വിഷയമെന്ന നിലയ്ക്ക് പി.എസ്.സി. യുടെ വിവിധ റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് അവരുടെ നിയമന കാര്യങ്ങളിൽ നേരിടുന്ന പ്രശ്നങ്ങൾ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് എത്രയും വേഗം ഒരു അവസരം നൽകണമെന്ന് സമിതി തീരുമാനിക്കുകയുണ്ടായി. സംസ്ഥാനത്ത് കോവിഡ്-19 പ്രോട്ടോക്കോൾ നിലനിന്നിരുന്നതിനാൽ സമിതിക്ക് ജില്ലാതല യോഗങ്ങൾ ചേർന്ന് ഉദ്യോഗാർത്ഥികളുടെ പ്രശ്നങ്ങൾ നേരിൽ കേൾക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ വീഡിയോ കോൺഫറൻസ് സംവിധാനത്തിലൂടെ വിവിധ പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ, ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ പ്രശ്നങ്ങൾ നേരിൽ കേൾക്കുന്നതിനും ആവശ്യമായ പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി സമിതി യോഗം ചേരുന്ന വിവരം പത്രക്കുറിപ്പ് മുഖേന അറിയിക്കുകയുണ്ടായി. തുടർന്ന് നിരവധി റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ സമിതി യോഗത്തിൽ പങ്കെടുക്കുന്നതിനായി പേര് രജിസ്റ്റർ ചെയ്യുകയും ടി ഉദ്യോഗാർത്ഥികളെ നേരിൽ കേൾക്കുന്നതിനായി 7-10-2020, 15-10-2020, 28-10-2020, 6-11-2020 എന്നീ തീയതികളിൽ സമിതി യോഗങ്ങൾ ചേരുകയും ചെയ്തു. വിവിധ പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളെ പ്രതിനിധീകരിച്ച് സമിതി യോഗത്തിൽ പങ്കെടുത്ത 154 ഉദ്യോഗാർത്ഥികളിൽ നിന്നും നേരിട്ട് പരാതി കേൾക്കുകയും ടി പരാതികളിന്മേലും കൂടാതെ ഇ-മെയിൽ മുഖേനയും തപാൽ മാർഗ്ഗവും ലഭിച്ച പരാതികളും സമിതി പരിഗണിക്കുകയും പ്രസ്തുത പരാതികളിന്മേലുള്ള സമിതി തീരുമാനം/നിർദ്ദേശത്തോടൊപ്പം റിപ്പോർട്ടിനായി സർക്കാരിലേയ്ക്ക് അയയ്ക്കുകയും ചെയ്തു. ഉദ്യോഗാർത്ഥികളെ നേരിൽ കേട്ടതിൽ നിന്നും

ലഭ്യമായ വിവരങ്ങൾ, സമിതി മുമ്പാകെ ലഭിച്ച വിവിധ ഹർജികളിലെ വിഷയങ്ങൾ, ഹർജികളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച റിപ്പോർട്ടുകൾ എന്നിവ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള സമിതിയുടെ നിഗമനങ്ങളും ശിപാർശകളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2. കോവിഡ്-19 പടർന്നുപിടിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ സ്കൂളുകൾ പ്രവർത്തിക്കാതിരിക്കുകയും സ്റ്റാഫ് ഫിക്സേഷൻ, അധ്യാപകരുടെ അന്തർ ജില്ലാ സ്ഥലംമാറ്റം, ബൈട്രാൻസ്ഫർ എന്നിവ നടക്കാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ എൽ.പി.എസ്.എ., യു.പി.എസ്.എ., എച്ച്.എസ്.എ., എച്ച്.എസ്.എസ്.റ്റി. എന്നീ തസ്തികകളിലെ നിയമനത്തിനായുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് സാധിച്ചിരുന്നില്ലായെന്ന് സമിതി മനസ്സിലാക്കുന്നു.

3. നിരവധി വർഷത്തെ പരിശ്രമത്തിലൂടെയും ചിട്ടയായ പരിശീലനത്തിലൂടെയുമാണ് ഓരോ ഉദ്യോഗാർത്ഥിയും പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഇടം നേടുന്നത്. ആയതിനാൽ കാലതാമസമില്ലാതെ ഒഴിവുകളിൽ നിയമനം നടത്തേണ്ടതാണ്. ഓരോ തസ്തികകളിലും ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിലൂടെയും അപ്രകാരം റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളിൽ നിയമനം നടത്തുന്നതിന് പി.എസ്.സി. സത്വര നടപടികൾ സ്വീകരിക്കുന്നതിലൂടെയും കാലവിളംബം ഒഴിവാക്കുവാൻ സാധിക്കുമെന്ന് സമിതി കരുതുന്നു.

4. എച്ച്.എസ്.എ. നാച്വറൽ സയൻസ് (എറണാകുളം ജില്ല) റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ട് രണ്ടര വർഷത്തോളമായിട്ടും ഒരാളിനുപോലും ടി റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ നിയമനം നൽകിയിട്ടില്ല എന്നത് സമിതി ഗൗരവത്തോടെ കാണുന്നു. അതിനുള്ള കാരണം സംബന്ധിച്ച് എറണാകുളം ഡി.ഡി.ഇ.യിൽ നിന്നുള്ള വിശദീകരണം അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. പ്രസ്തുത തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്നും സമിതി നിർദ്ദേശിക്കുന്നു. അതുപോലെ സ്കൂളുകളിലെ വിവിധ അധ്യാപക തസ്തികകളിലെ നിയമനത്തിനായുള്ള റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് അടുത്ത അധ്യയന വർഷം ആരംഭിക്കുന്നതിനുമുൻപ് നിയമനം ലഭിക്കുന്നതിന് ഉതകുന്ന വിധത്തിൽ നിലവിലുള്ള ഒഴിവുകൾ, പ്രതീക്ഷിത ഒഴിവുകൾ എന്നിവ അടിയന്തരമായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5. സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ നാച്വറൽ സയൻസ് അധ്യാപക തസ്തികകളില്ലാത്ത സ്കൂളുകളിൽ ടി വിഷയം പഠിപ്പിക്കുന്നത് ഫിസിക്കൽ സയൻസ് തസ്തികയിലെ അധ്യാപകരാണെന്ന് സമിതി നിരീക്ഷിക്കുന്നു. ഏതൊരു വിഷയവും യോഗ്യരായ അധ്യാപകർ പഠിപ്പിച്ചാലേ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ സാധിക്കുകയുള്ളൂ

എന്നതിനാൽ ആയത് വിദ്യാർത്ഥികളോടുള്ള വിവേചനമായി സമിതി കരുതുന്നു. നിശ്ചിത ഡിവിഷനുകൾ ഒരു സ്കൂളിൽ ഉണ്ടെങ്കിൽ മാത്രമേ ചില വിഷയങ്ങളിലേക്ക് അധ്യാപക തസ്തികകൾ സൃഷ്ടിക്കുവാൻ സാധിക്കുകയുള്ളുവെന്ന് സമിതി മനസ്സിലാക്കുന്നു. കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ ബന്ധപ്പെട്ട ചട്ടം ഭേദഗതി ചെയ്യുന്നതിലൂടെ നാച്വറൽ സയൻസ് വിഷയം പഠിപ്പിക്കുന്നതിന് എച്ച്.എസ്.എ. നാച്വറൽ സയൻസ് അധ്യാപകരെ നിയോഗിക്കുവാൻ സാധിക്കുമെന്നും അതുവഴി ടി റാങ്ക് ലിസ്റ്റിലുള്ളവർക്ക് നിയമനം ലഭിക്കുമെന്നും സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ പ്രസ്തുത ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ നാച്വറൽ സയൻസ് അധ്യാപക തസ്തികകൾ ഇല്ലാത്ത സ്കൂളുകളിൽ അവ സൃഷ്ടിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

6. കൂടാതെ ബൈട്രാൻസ്ഫർ, അന്തർ ജില്ലാ സ്ഥലംമാറ്റം എന്നിവയ്ക്കായി നീക്കി വയ്ക്കുന്ന ഒഴിവുകൾ യഥാസമയം നികത്തുന്നതിനും ഡി.ഡി.ഇ. ലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് കൃത്യമായി റിപ്പോർട്ട് ചെയ്യുന്നതിനും നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

7. സമാനമായ വിഷയമാണ് എച്ച്.എസ്.എ. ഇംഗ്ലീഷ് അധ്യാപക തസ്തികയുടെ കാര്യത്തിലും നിലവിലുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ഒരു സ്കൂളിൽ '5' ഡിവിഷനുകൾ ഉണ്ടെങ്കിൽ മാത്രമാണ് നിലവിലെ ചട്ട പ്രകാരം ഒരു എച്ച്.എസ്.എ. അധ്യാപക തസ്തിക സൃഷ്ടിക്കുന്നത്. എല്ലാ ഹൈസ്കൂളുകളിലും അത്രയും ഡിവിഷനുകൾ ഉണ്ടാകില്ല എന്നതുകൊണ്ടുതന്നെ '5'-ൽ താഴെ ഡിവിഷനുകളുള്ള സ്കൂളുകളിൽ ടി വിഷയം പഠിപ്പിക്കുന്നത് മറ്റു തസ്തികയിലെ അധ്യാപകരാണ്. ആയതിന് ഒരു മാറ്റം ഉണ്ടായേ മതിയാകൂ എന്ന് സമിതി കരുതുന്നു. ഇംഗ്ലീഷ് ആഗോള ഭാഷയായി പൊതുവെ അംഗീകരിക്കപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികളെ ഇംഗ്ലീഷ് ഭാഷയിൽ നൈപുണ്യമുള്ളവരാക്കി മാറ്റുന്നതിന് ടി ഭാഷയിൽ പ്രാവീണ്യമുള്ള അധ്യാപകർതന്നെ ടി വിഷയം പഠിപ്പിക്കേണ്ടതുണ്ട്. ആയതിലേക്ക് കെ.ഇ.ആർ.-ലെ നിലവിലെ ചട്ടങ്ങളിൽ മാറ്റം വരുത്തിക്കൊണ്ട് എല്ലാ ഹൈസ്കൂളുകളിലും എച്ച്.എസ്.എ. ഇംഗ്ലീഷ് തസ്തിക അനുവദിക്കണമെന്നും അതിന് കഴിയാത്തപക്ഷം സമീപ പ്രദേശങ്ങളിലുള്ള രണ്ടു മൂന്നു സ്കൂളുകളെ ഒരു ക്ലസ്റ്ററായി കണക്കാക്കി അവയ്ക്ക് എല്ലാറ്റിനും പ്രയോജനപ്പെടുന്ന രീതിയിൽ ടി തസ്തിക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

8. സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ ഐ.ടി. ഒരു പാഠ്യവിഷയമായി ഉൾപ്പെടുത്തിയിട്ട് കാലമേറെയായി എങ്കിലും നാളിതുവരെ ടി തസ്തികയിൽ സ്ഥിരം നിയമനം നടത്തുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടില്ലായെന്ന് സമിതി നിരീക്ഷിക്കുന്നു. ടി വിഷയം നിലവിൽ പഠിപ്പിക്കുന്നത് കരാർ അടിസ്ഥാനത്തിലുള്ള

അധ്യാപകരാണ്. ടി വിഷയം പഠിപ്പിക്കുന്നതിന് സ്ഥിരതസ്തികകൾ സൃഷ്ടിക്കുന്നതിലൂടെ അധ്യാപനത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുവാനും കമ്പ്യൂട്ടർ സയൻസ്/ഐ.ടി. വിഷയങ്ങളിൽ ഉന്നതവിദ്യാഭ്യാസം നേടിയിട്ടുള്ള തൊഴിൽ അന്വേഷകർക്ക് തൊഴിൽ ലഭിക്കുന്നതിനും വളരെയേറെ ഉപകാരപ്രദമായിരിക്കും. ആയതിനാൽ എച്ച്.എസ്.എ. ഐ.ടി. തസ്തികയിൽ സ്ഥിരം നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9. കോവിഡ്-19 ഉൾപ്പെടെയുള്ള രോഗങ്ങൾ വ്യാപിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിലും മറ്റു പകർച്ച വ്യാധികളുണ്ടാകുന്ന സാഹചര്യത്തിലും താഴ്ന്ന വരുമാനക്കാരുടെ ഏക ആശ്രയവും അവസാനത്തെ അത്താണിയും സർക്കാർ ആശുപത്രികളാണ്. സർക്കാർ ആശുപത്രികളിലെ വിവിധ തസ്തികകളിൽ അത്യാവശ്യം വേണ്ടുന്ന ജീവനക്കാർ ഉണ്ടെങ്കിൽ മാത്രമേ അവയ്ക്ക് നല്ല രീതിയിൽ പ്രവർത്തിക്കുവാനും രോഗികൾക്ക് മെച്ചപ്പെട്ട സേവനം നൽകുവാനും സാധിക്കുകയുള്ളൂ എന്ന് സമിതി കരുതുന്നു. ആയതിനാൽ വിവിധ ജില്ലകളിലെ സർക്കാർ ആശുപത്രികളിൽ ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ എത്രയും വേഗം നികത്തണമെന്നും ആർദ്രം പദ്ധതിയുടെ ഭാഗമായി ഡോക്ടർ-നഴ്സ് തസ്തിക സൃഷ്ടിക്കുന്നതിന് ആനുപാതികമായി ഫാർമസിസ്റ്റ് തസ്തികയും പുതുതായി സൃഷ്ടിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

10. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഫാക്ടറികളുടെ എണ്ണം കണക്കിലെടുക്കുമ്പോൾ അവിടങ്ങളിലെ സുരക്ഷാ സംവിധാനങ്ങൾ കൃത്യമായി പരിശോധിച്ച് റിപ്പോർട്ട് നൽകേണ്ട ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഗ്രേഡ് II , ഗ്രേഡ് I തസ്തികകൾ തുലോം കുറവാണെന്ന് സമിതി മുമ്പാകെ ലഭിച്ച ടി വിഷയം സംബന്ധിച്ച ഹർജികൾ പരിശോധിച്ചതിൽ നിന്നും സമിതിക്ക് വ്യക്തമായിട്ടുണ്ട്. ടി തസ്തികയിൽ ആവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിലൂടെ ഫാക്ടറികളിൽ യഥാസമയം വേണ്ട വിധത്തിൽ പരിശോധന നടത്തുന്നതിനും അതുവഴി ഫാക്ടറികളിൽ ഉണ്ടാകാവുന്ന അപകടങ്ങൾ ഒഴിവാക്കുവാനും സാധിക്കും. ആയതിനാൽ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ നിലവിൽ ഒഴിവുകളുണ്ടെങ്കിൽ അത് അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

11. പ്രസ്തുത തസ്തികയിൽ (ഗ്രേഡ് I & ഗ്രേഡ് II ) നിലവിലുള്ള ഉദ്യോഗസ്ഥരുടെ എണ്ണം ഫാക്ടറികളുടെ പരിശോധന നടത്തുന്നതിന് അപര്യാപ്തമായതിനാൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനായി തൊഴിലും നൈപുണ്യവും വകുപ്പ് സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതായും 220 പുതിയ തസ്തികകൾ അനുവദിക്കണമെന്ന ടി പ്രൊപ്പോസൽ ധനകാര്യ വകുപ്പ് പരിശോധിച്ചുവരികയാണെന്നും പ്രസ്തുത വകുപ്പുകൾ ലഭ്യമാക്കിയ റിപ്പോർട്ടുകളിൽ നിന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ടി പ്രൊപ്പോസലിന്മേൽ അടിയന്തര തുടർനടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

12. ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായാണ് പി.എസ്.സി. മുഖേനയുള്ള നിയമനങ്ങളിൽ ഭിന്നശേഷിക്കാർക്ക് നിശ്ചിത ശതമാനം സംവരണം ഏർപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. മാത്രവുമല്ല ഭിന്നശേഷിക്കാരിലെ ഓരോ വിഭാഗത്തിനും ചെയ്യുവാൻ കഴിയുന്ന ജോലികൾ കണ്ടെത്തിക്കൊണ്ട് സാമൂഹ്യക്ഷേമ വകുപ്പ് കാലാകാലങ്ങളിൽ ഉത്തരവ് പുറപ്പെടുവിക്കുകയും ആയത് പി.എസ്.സി.യെ അറിയിക്കുകയും ചെയ്യുന്നുമുണ്ട്.

13. സംസ്ഥാന പ്ലാനിംഗ് ബോർഡിലെ റിസർച്ച് അസിസ്റ്റന്റ് തസ്തികയിലെ നിയമനത്തിനായുള്ള റാങ്ക് ലിസ്റ്റിൽ ഭിന്നശേഷിക്കാരെ ഉൾപ്പെടുത്തണമെന്ന് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി തസ്തിക ഭിന്നശേഷിക്കാർക്ക് അനുയോജ്യമായി കണ്ടെത്തിക്കൊണ്ട് സാമൂഹ്യ നീതി(ഡി) വകുപ്പ് 14-8-2020-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടും ടി റാങ്ക് ലിസ്റ്റിൽ ഭിന്നശേഷിക്കാരെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല എന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ടി തസ്തികയിൽ അർഹരായ ഭിന്നശേഷിക്കാരെ കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

14. ഇത്തരത്തിൽ ഭിന്നശേഷിക്കാരെ ഒഴിവാക്കിക്കൊണ്ട് പി.എസ്.സി. മറ്റേതെങ്കിലും റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കണമെന്നും ഒരു തസ്തിക ഭിന്നശേഷിക്കാർക്ക് അനുയോജ്യമാണെന്ന് കണ്ടെത്തിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് നിലവിലുള്ളപ്പോൾ ഭിന്നശേഷിക്കാരെ ഉൾപ്പെടുത്താതെ ടി തസ്തികയിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന നടപടി ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിന് ആവശ്യമായ കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

15. വിവിധ സർക്കാർ ഓഫീസുകളിലെ എൽ.ജി.എസ്. തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ, പ്രതീക്ഷിത ഒഴിവുകൾ എന്നിവ അടിയന്തരമായി പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്നും പ്രസ്തുത ഒഴിവുകളിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

16. വിവിധ സർക്കാർ സ്ഥാപനങ്ങൾ പുതുതായി ആരംഭിക്കുന്ന അവസരത്തിൽ അവയുടെ പ്രവർത്തനത്തിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാറുണ്ടെങ്കിലും ഏറെക്കാലത്തിനു ശേഷവും അവിടങ്ങളിൽ എൽ.ജി.എസ്. തസ്തിക സൃഷ്ടിക്കാറില്ല എന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ പുതുതായി ആരംഭിക്കുന്ന സർക്കാർ സ്ഥാപനങ്ങളിലേക്ക് ആവശ്യമായ വിവിധ തസ്തികകൾ സൃഷ്ടിക്കുമ്പോൾ തന്നെ എൽ.ജി.എസ്. തസ്തിക കൂടി സൃഷ്ടിക്കുന്നതിന് നടപടി ഉണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

17. കോവിഡ്-19 വ്യാപനംമൂലം സംസ്ഥാനത്തുണ്ടായ അസാധാരണമായ ആരോഗ്യ പ്രതിസന്ധി, മഹാപ്രളയം എന്നിവയാൽ വിവിധ റാങ്ക് ലിസ്റ്റുകളിൽ നിന്നുള്ള നിയമനം നടത്തുവാൻ സാധിക്കാതിരുന്ന സാഹചര്യത്തിൽ വിവിധ തസ്തികകളിലെ അർഹതപ്പെട്ട ഒരൊഴിവുപോലും വിട്ടുപോകാതെ ഒഴിവുകൾ ബന്ധപ്പെട്ട റാങ്ക് ലിസ്റ്റുകളിൽ നിന്നും യുദ്ധകാലാടിസ്ഥാനത്തിൽ നികത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18. വാർഷിക സെലക്ഷൻ ടെസ്റ്റ് തസ്തികകൾ ആയ യൂണിഫോം തസ്തികകളിലേക്കുള്ള റാങ്ക് ലിസ്റ്റുകളുടെ കാലാവധി ഒരു വർഷമാണ്. എന്നാൽ ഒരു വർഷം പൂർത്തിയാകുമ്പോൾ പുതിയ ലിസ്റ്റ് പ്രസിദ്ധീകരിക്കാത്ത സാഹചര്യത്തിൽ പുതിയ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതുവരെ നിലവിലുള്ള റാങ്ക് ലിസ്റ്റിന് കാലാവധിയുണ്ടാകുമെന്ന് വ്യവസ്ഥ ചെയ്യണമെന്ന അഭിപ്രായം ഉയർന്നുവന്നിരുന്നു. ഈ നിർദ്ദേശം സാധ്യമെങ്കിൽ പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

19. നിയമനം പി.എസ്.സി.-ക്ക് വിട്ടിട്ടുള്ള വിവിധ വകുപ്പുകൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ കരാർ/താൽക്കാലിക നിയമനങ്ങൾ നടത്തരുതെന്ന് സമിതി ശിപാർശ ചെയ്യുന്നു.

20. നിയമനം പി.എസ്.സി.-ക്ക് കൈമാറിയ സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ (കമ്പനി, ബോർഡ്, കോർപ്പറേഷൻ എന്നിവ) എന്നിവിടങ്ങളിലേക്ക് താൽക്കാലിക നിയമനം ആവശ്യമായി വരികയാണെങ്കിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രം നിയമനം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21. കൂടാതെ നിയമനങ്ങൾ നാളിതുവരെ പി.എസ്.സി.-ക്ക് കൈമാറിയിട്ടില്ലാത്ത സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ (കമ്പനി, ബോർഡ്, കോർപ്പറേഷൻ എന്നിവ), എന്നിവയിലേയ്ക്ക് ആവശ്യമായ താത്കാലിക/കരാർ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. നാളിതുവരെ നിയമനാധികാരം പി.എസ്.സി.-ക്ക് കൈമാറിയിട്ടില്ലാത്ത എല്ലാ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെയും നിയമനം പി.എസ്.സി. മുഖേനയാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

22. നിയമനം പി.എസ്.സി.-ക്ക് വിടുന്നതിന് സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതിന്/ഭേദഗതി വരുത്തുന്നതിന് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ലാത്ത വിവിധ വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ ആയതിന് സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

23. എല്ലാ നിയമനാധികാരികളും അതാത് സ്ഥാപനങ്ങളിൽ ഒരു വർഷം വിരമിക്കൽ മുഖേനയുണ്ടാകുന്ന ഒഴിവുകൾ മുൻകൂട്ടി പ്രതീക്ഷിത ഒഴിവുകളായി പി.എസ്.സി.-യെ അറിയിക്കണമെന്നത് സംബന്ധിച്ച് സർക്കാരിന്റെ സർക്കുലർ നിലവിലുണ്ടെങ്കിലും (12-9-2020-ലെ ഉപസി3/116/2020/ഉ.ഭ.പ.വ. നമ്പർ സർക്കുലർ) മിക്ക നിയമന അധികാരികളും അക്കാര്യത്തിൽ വേണ്ട നടപടികൾ സ്വീകരിച്ചിട്ടില്ലായെന്ന് സമിതി നിരീക്ഷിക്കുന്നു. അത്തരത്തിൽ അടിയന്തര പ്രാധാന്യമർഹിക്കുന്ന സർക്കുലർ/സർക്കാർ ഉത്തരവുകൾ എന്നിവയിന്മേൽ യഥാസമയം നടപടി സ്വീകരിക്കാത്ത നിയമനാധികാരികൾക്കെതിരെ മാതൃകാപരമായ കർശന ശിക്ഷാ നടപടികൾ സർക്കാർ കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

24. പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് പ്രസ്തുത നിയമനം ആവശ്യമില്ലായെങ്കിൽ റിലിൻക്വിഷ് ചെയ്യാൻ നോട്ടറിയുടെ സാക്ഷ്യപത്രം ഹാജരാക്കണമെന്നുള്ള കടുത്ത വ്യവസ്ഥ പി.എസ്.സി. ഏർപ്പെടുത്തിയത് റദ്ദാക്കി ഒരു ഗസറ്റഡ് ഉദ്യോഗസ്ഥന്റെ/ഉദ്യോഗസ്ഥയുടെ സാക്ഷ്യപത്രം ഹാജരാക്കണം എന്ന മുൻ വ്യവസ്ഥ പുനഃസ്ഥാപിക്കുകയോ അല്ലെങ്കിൽ ഉദ്യോഗാർത്ഥികൾക്ക് സ്വന്തം പ്രൊഫൈൽ വഴി സ്വയം ലിസ്റ്റിൽ നിന്ന് ഒഴിവാകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുകയോ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

25. വിവിധ പി.എസ്.സി. റാങ്ക് ലിസ്റ്റുകളുമായി ബന്ധപ്പെട്ട് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധി ഉദ്യോഗാർത്ഥികൾക്ക് അനുകൂലമായിരുന്നിട്ടും അക്കാര്യത്തിൽ പി.എസ്.സി. തുടർനടപടി സ്വീകരിച്ചിട്ടില്ലായെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ വിവിധ റാങ്ക് ലിസ്റ്റുകളുമായി ബന്ധപ്പെട്ട് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ/കോടതി എന്നിവയുടെ വിധി യഥാസമയം പരിശോധിച്ച് ആയത് നടപ്പാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

26. കമ്പനി/ബോർഡ്/കോർപ്പറേഷൻ എന്നിവയിലെ നിയമനത്തിനായുള്ള എൽ.ജി.എസ്. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുന്നതിലേക്ക് കെ.എസ്.ഇ.ബി., കെ.എസ്.എഫ്.ഇ., പൊല്യൂഷൻ കൺട്രോൾ ബോർഡ്, വാട്ടർ അതോറിറ്റി, ബിവറേജസ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിൽ ടി തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി റിപ്പോർട്ട് ചെയ്ത് നിയമന നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

27. എൻ.ജെ.ഡി. ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ അലംഭാവം വരുത്താതിരിക്കുവാൻ വകുപ്പ് തലവൻമാർ ശ്രദ്ധിക്കണമെന്നും എൻ.ജെ.ഡി. ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്നും ആയത് ലഭിച്ചാലുടൻ ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകുന്നതിന് വേണ്ട നടപടികൾ ത്വരിതപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

28. <u>എൻ.ജെ.ഡി. ഒഴിവുകൾ പി.എസ്.സി.-യുടെ വെബ്സൈറ്റിലെ പ്രൊഫൈൽ വഴിയാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

29. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ കമ്പ്യൂട്ടർ ഹാർഡ്‌വെയർ ആന്റ് മെയിന്റനൻസ് വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ/ഡെമോൺസ്ട്രേറ്റർ/ഇൻസ്ട്രക്ടർ ഗ്രേഡ് II /ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II എന്നീ തസ്തികകളിൽ എ.ഐ.സി.റ്റി.ഇ. മാനദണ്ഡപ്രകാരം ഉണ്ടായിരിക്കേണ്ട തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടില്ല എന്ന് സമിതി നിരീക്ഷിക്കുന്നു. <u>ആയതിനാൽ എ.ഐ.സി.റ്റി.ഇ. മാനദണ്ഡ പ്രകാരം ഉണ്ടായിരിക്കേണ്ട തസ്തികകൾ സൃഷ്ടിക്കണമെന്നും ടി മാനദണ്ഡങ്ങളിലും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ സ്പെഷ്യൽ റൂളിലും പ്രതിപാദിക്കുന്ന അനുപാതത്തിലായിരിക്കണം (ie 1:1) നേരിട്ടുള്ള നിയമനം/ ബൈട്രാൻസ്ഫർ നിയമനം എന്നിവ നടത്തേണ്ടതെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

30. സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് (NSQF) നടപ്പിലാക്കിയതിന്റെ ഭാഗമായി പുതിയ കോഴ്സുകൾ ആരംഭിക്കുകയും വൊക്കേഷണൽ വിഷയങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. അതിൻപ്രകാരം വിവിധ വിഷയങ്ങളുടെ ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിലെ നിയമനത്തിനായുള്ള യോഗ്യതയിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ആയതുമൂലം പഴയ കോഴ്സുകൾ പഠിച്ച ഉദ്യോഗാർത്ഥികൾക്ക് ടി തസ്തികയിൽ അവസരം നിഷേധിക്കപ്പെടുന്നതായി സമിതി മുമ്പാകെ ലഭിച്ചിട്ടുള്ള ഹർജികളിൽ നിന്നും സമിതി മനസ്സിലാക്കുന്നു.

31. <u>ആയതിനാൽ ഒരു വിഷയത്തിന്റെ അനുബന്ധ കോഴ്സുകൾ പഠിച്ചിട്ടുള്ള ഉദ്യോഗാർത്ഥികളെക്കൂടി ടി വിഷയത്തിലെ ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിലെ നിയമനത്തിന് യോഗ്യരാക്കുന്ന രീതിയിൽ ടി തസ്തികയുടെ യോഗ്യതയിൽ മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

32. പോലീസ് ടെലികമ്മ്യൂണിക്കേഷൻ (ടെക്നിക്കൽ കേഡർ) വിഭാഗത്തിലെ എസ്.ഐ. തസ്തികയിൽ റിട്ടയർമെന്റ് മൂലം ഉണ്ടായിട്ടുള്ള ഒഴിവുകൾ നികത്താത്തതിനുള്ള കാരണം എ.എസ്.ഐ. മാരുടെ പ്രൊബേഷൻ പൂർത്തിയാകാത്തതാണ് എന്ന് സമിതി നിരീക്ഷിക്കുന്നു. <u>എസ്.ഐ. തസ്തികയിലെ ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനായി പ്രൊബേഷൻ പൂർത്തിയാക്കാത്ത എ.എസ്.ഐ. മാർക്ക് എസ്.ഐ. തസ്തികയിലേയ്ക്ക് താല്ക്കാലിക പ്രൊമോഷൻ നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. അപ്രകാരം എ.എസ്.ഐ., എച്ച്.സി. തസ്തികകളിലുണ്ടാകുന്ന ഒഴിവുകളിലേക്ക് അർഹരായവർക്ക് പ്രൊമോഷൻ നൽകുന്നതിനും പോലീസ് കോൺസ്റ്റബിൾ (ടെലികമ്മ്യൂണിക്കേഷൻസ്) തസ്തികയിലുണ്ടാകുന്ന ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.- ക്ക് റിപ്പോർട്ട് ചെയ്ത് ടി റാങ്ക് ലിസ്റ്റിൽ നിന്നുള്ളവർക്ക് നിയമനം നൽകുന്നതിനും പുതുതായി</u>

രൂപീകരിക്കപ്പെട്ട തൃശ്ശൂർ, കൊല്ലം യൂണിറ്റുകളെ സിറ്റി, റൂറൽ എന്നിങ്ങനെയുള്ള യൂണിറ്റുകളായി വേർതിരിക്കുന്നതിനും അവിടങ്ങളിലേയ്ക്ക് ആവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

33. വിവിധ സർക്കാർ വകുപ്പുകളിലെ ഗസറ്റഡ് റാങ്കിലുള്ള വിവിധ തസ്തികകളിൽ അർഹരായവർക്ക് യഥാസമയം പ്രൊമോഷൻ നൽകുവാൻ സാധിക്കാത്തതിനുള്ള പ്രധാന കാരണം വകുപ്പുതല പ്രൊമോഷൻ സമിതി യഥാസമയം യോഗം ചേർന്ന് സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കാത്തതാണ് എന്ന് സമിതിക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. അതുമൂലം പ്രസ്തുത തസ്തികകൾക്ക് താഴെയുള്ള തസ്തികകളിൽ സേവനമനുഷ്ഠിക്കുന്നവർക്കും യഥാസമയം പ്രൊമോഷൻ ലഭിക്കാതെ വരുന്നു. അത്തരത്തിൽ പ്രൊമോഷൻ വൈകുന്നതുമൂലം എൻട്രി കേഡർ തസ്തികകളിൽ ഉണ്ടാകാവുന്ന ഒഴിവുകളിലേക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് നിയമനം ലഭിക്കാത്ത സാഹചര്യം സംജാതമാകുന്നു. ആയത് ഒഴിവാക്കുന്നതിനായി വിവിധ ഗസറ്റഡ് തസ്തികകളിൽ ഉണ്ടാകാവുന്ന ഒഴിവുകൾ മുൻകൂട്ടി കണ്ട് അവയിലേക്ക് അർഹരായവർക്ക് യഥാസമയം പ്രൊമോഷൻ നൽകുന്നതിനായി വകുപ്പുതല പ്രൊമോഷൻ സമിതി യഥാസമയം യോഗം ചേർന്ന് സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കിയിരിക്കണമെന്ന് നിയമനാധികാരികൾക്ക് കർശന നിർദ്ദേശം നൽകണമെന്നും ആയത് നിരീക്ഷിക്കുന്നതിനുള്ള സ്ഥിരം സംവിധാനം ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പിന്റെ കീഴിൽ ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

34. ജലവിഭവ വകുപ്പിലെ ജലസേചന വിഭാഗത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ, സൂപ്രണ്ടിംഗ് എഞ്ചിനീയർ, ചീഫ് എഞ്ചിനീയർ തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളിൽ അർഹരായവർക്ക് യഥാസമയം പ്രൊമോഷൻ നൽകുന്നതിനായി അടിയന്തരമായി വകുപ്പുതല പ്രൊമോഷൻ സമിതി യോഗം ചേർന്ന് സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കി പ്രൊമോഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും അപ്രകാരം പ്രൊമോഷൻ നൽകുന്നതിലൂടെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലുണ്ടാകുന്ന ഒഴിവുകളും കൂടാതെ ടി തസ്തികയിലെ പ്രതീക്ഷിത ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

35. ഒരു റാങ്ക് ലിസ്റ്റിൽ സംവരണ വിഭാഗങ്ങളിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ ഇല്ലാതെ വരുന്ന സന്ദർഭങ്ങളിൽ യഥാസമയം എൻ.സി.എ. വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ച് അർഹരായ ഉദ്യോഗാർത്ഥികളെ കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും എൻ.സി.എ. വിജ്ഞാപനങ്ങൾ സമയബന്ധിതമായി പുറപ്പെടുവിക്കുന്നതിന് ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതുണ്ടെങ്കിൽ അതിന് സത്വര നടപടി സ്വീകരിക്കണമെന്നും എൻ.സി.എ. വിജ്ഞാപന നടപടിക്രമങ്ങൾ വൈകുന്നതുമൂലം ഓപ്പൺ/ സംവരണ വിഭാഗങ്ങളിലുള്ള ഉദ്യോഗാർത്ഥികളുടെ നിയമനം അനന്തമായി നീണ്ടുപോകുന്ന അവസ്ഥ ഒഴിവാക്കുന്നതിന് ശാശ്വതമായ ഒരു പരിഹാര മാർഗ്ഗം ഉണ്ടാക്കണമെന്നും പി.എസ്.സി.-യോട് നിർദ്ദേശിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36. സംസ്ഥാനത്തെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ക്ലിനിക്കൽ ഓഡിയോ മെട്രീഷ്യൻ തസ്തിക സൃഷ്ടിച്ചിട്ടില്ലായെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ക്ലിനിക്കൽ ഓഡിയോ മെട്രീഷ്യൻ തസ്തിക നിലവിലില്ലാത്ത കൊല്ലം, ആലപ്പുഴ, കണ്ണൂർ, എറണാകുളം, കോട്ടയം, കോഴിക്കോട്, പാലക്കാട്, മലപ്പുറം എന്നീ സർക്കാർ മെഡിക്കൽ കോളേജുകളിൽ ടി തസ്തിക സൃഷ്ടിച്ച് നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

37. പി.എസ്.സി. ചില തസ്തികകളിലേക്ക് പരീക്ഷ നടത്തി ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഒന്നു രണ്ടു വർഷത്തിനുശേഷവും മെയിൻ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല എന്നത് സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചാൽ കാലവിളംബം കൂടാതെ മെയിൻലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

38. കെ.എസ്.ആർ.ടി.സി. മെക്കാനിക്ക് ഗ്രേഡ് II തസ്തികയുടെ ഷോർട്ട് ലിസ്റ്റ് 5-5-2018-ന് പ്രസിദ്ധീകരിച്ചുവെങ്കിലും റാങ്ക് ലിസ്റ്റ് നാളിതുവരെ പ്രസിദ്ധീകരിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത റാങ്ക് ലിസ്റ്റ് അടിയന്തരമായി പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

39. കെ.എസ്.ആർ.ടി.സി. യിലെ വർക്ക് അസിസ്റ്റന്റ്/മെക്കാനിക്ക് ഗ്രേഡ് II തസ്തികയിലെ നിയമനത്തിനായി പി.എസ്.സി. പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് 18-8-2017-ൽ നിയമന ശിപാർശ നൽകിയെങ്കിലും നാളിതുവരെ നിയമനം ലഭിച്ചിട്ടില്ലെന്നും ഉദ്യോഗാർത്ഥികൾ കോടതിയെ സമീപിച്ച് അനുകൂല കോടതി വിധി നേടിയിട്ടും ഗതാഗത വകുപ്പ് നിയമനം നൽകുന്നില്ലെന്നും സമിതി മനസ്സിലാക്കുന്നു. നിയമന ശിപാർശ നൽകിയിട്ട് 3 വർഷം കഴിഞ്ഞിട്ടും ടി വിഷയം സംബന്ധിച്ച് കോടതി വിധി ഉണ്ടായിട്ടും ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നില്ല എന്നത് തികച്ചും ഖേദകരമാണ്. ആയതിനാൽ ടി തസ്തികയിലെ നിയമനത്തിനായി ഇതിനോടകം നിയമന ശിപാർശ ലഭിച്ചിട്ടുള്ളവർക്ക് നിയമനം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

40. പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ടായിട്ടും വിവിധ തസ്തികകളിൽ താല്ക്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തിവരുന്നു എന്നത് സംബന്ധിച്ച് നിരവധി ഹർജികൾ സമിതി മുമ്പാകെ ലഭിച്ചിട്ടുണ്ട്. അത്തരം നടപടി ഒരു വിധത്തിലും ന്യായീകരിക്കത്തക്കതല്ല. ആയതിനാൽ അപ്രകാരം താൽക്കാലികമായി ജോലി ചെയ്യുന്നവരെ ഒഴിവാക്കി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരെ നിയമിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് നിയമനാധികാരികൾക്ക് കർശന നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

41. സർക്കാർ മെഡിക്കൽ കോളേജുകളിലെ അസിസ്റ്റന്റ് പ്രൊഫസർ ഇൻ നഴ്സിംഗ് തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് നിരവധി ഹർജികൾ സമിതി മുമ്പാകെ ലഭിച്ചിട്ടുണ്ട്. ആയതിനാൽ പാരിപ്പള്ളി, മഞ്ചേരി മെഡിക്കൽ കോളേജുകളിൽ അസിസ്റ്റന്റ് പ്രൊഫസർ ഇൻ നഴ്സിംഗ് തസ്തികകൾ സൃഷ്ടിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നും അസിസ്റ്റന്റ് പ്രൊഫസർ ഇൻ നഴ്സിംഗ് തസ്തികയ്ക്ക് മുകളിലുള്ള ഉയർന്ന തസ്തികകളിലേയ്ക്ക് അർഹരായവർക്ക്, പ്രൊമോഷൻ നൽകുന്നതിന് അടിയന്തരമായി വകുപ്പുതല പ്രൊമോഷൻ സമിതി യോഗം ചേർന്ന് സെലക്ട് ലിസ്റ്റ് തയ്യാറാക്കി തുടർനടപടി സ്വീകരിക്കണമെന്നും അപ്രകാരം പ്രൊമോഷൻ നൽകുന്നതിലൂടെ താഴ്ന്ന തസ്തികയിലുണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ എൻ.ജെ.ഡി. ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്നും ടി തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ടെങ്കിൽ ടിയാളുകളെ ഒഴിവാക്കി പകരം പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

42. തൃശ്ശൂർ എസ്.ആർ.വി. കോളേജിൽ ലക്ചറർ ഇൻ മൃദംഗം, ലക്ചറർ ഇൻ വോക്കൽ, ലക്ചറർ ഇൻ മോഹിനിയാട്ടം എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലിന്മേൽ സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

43. മൂന്ന് സംഗീത കോളേജുകളിലായി ലക്ചറർ ഇൻ വോക്കൽ തസ്തികയിൽ എട്ട് ഒഴിവുകൾ നിലവിലുണ്ടെന്നും തൃശ്ശൂർ എസ്.ആർ.വി. കോളേജിൽ മൂന്ന് ഒഴിവുകൾ ഉണ്ടായിട്ടും ഗസ്റ്റ് ലക്ചറർമാരെയാണ് നിയമിച്ചിരിക്കുന്നതെന്നും തൃശ്ശൂർ ആർ.എൽ.വി. സംഗീത കോളേജിൽ ലക്ചറർ ഇൻ മോഹിനിയാട്ടം തസ്തികയിലെ അഞ്ച് ഒഴിവുകളിലേക്കും ഗസ്റ്റ് ലക്ചറർമാരെ നിയമിക്കുന്ന രീതിയാണ് തുടർന്നുവരുന്നതെന്നും സമിതിയ്ക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ ടി തസ്തികകളിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

44. എൻവയോൺമെന്റൽ സയന്റിസ്റ്റ്, എൻവയോൺമെന്റൽ ഓഫീസർ, അസിസ്റ്റന്റ് എൻവയോൺമെന്റൽ പ്രോഗ്രാം മാനേജർ എന്നീ തസ്തികകളിലെ നിയമനം സംബന്ധിച്ച് നിരവധി ഹർജികൾ സമിതി മുമ്പാകെ ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് അടിക്കടി പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിലും സംസ്ഥാനം പ്രകൃതി ദുരന്തങ്ങളുടെ ഭീഷണിക്കുമുന്നിൽ നിൽക്കുന്ന സാഹചര്യത്തിലും എൻവയോൺമെന്റൽ സയന്റിസ്റ്റ് തസ്തികയിൽ ആവശ്യമായ നിയമനങ്ങൾ നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

45. തിരുവനന്തപുരം ജില്ലയിലേത് ഉൾപ്പെടെ വിവിധ ജില്ലകളിൽ വിവിധ വകുപ്പുകളിൻ കീഴിലുള്ള ലിഫ്റ്റ് ഓപ്പറേറ്റർ തസ്തികയിലെ റിപ്പോർട്ട് ചെയ്യുവാനുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യണമെന്നും കൂടാതെ സ്ഥിരം തസ്തികകൾ ആവശ്യമുള്ളിടത്ത് താൽകാലിക നിയമനം ഒഴിവാക്കി തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിക്കണമെന്നും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഉണ്ടായിട്ടുള്ള എൻ.ജെ.ഡി. ഒഴിവുകൾ ഉടൻ റിപ്പോർട്ട് ചെയ്യണമെന്നും സമിതി നിർദ്ദേശിക്കുന്നു.

46. വിവിധ വിഷയങ്ങളിലെ എച്ച്.എസ്.എ. തസ്തികകളിലെ സ്റ്റാഫ് ഫിക്സേഷൻ നടത്തി ഒഴിവുള്ള തസ്തികകളിലേയ്ക്ക് ഉടനടി ഉദ്യോഗാർത്ഥികളെ അഡ്വൈസ് ചെയ്യുന്നതിന് പി.എസ്.സി. നടപടി സ്വീകരിക്കണമെന്നും അന്തർ ജില്ലാ സ്ഥലംമാറ്റം, ബൈട്രാൻസ്ഫർ നോട്ടിഫിക്കേഷൻ എന്നിവയുമായി ബന്ധപ്പെട്ട നടപടികൾ വേഗത്തിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

47. കായിക വിദ്യാഭ്യാസം വിദ്യാർത്ഥികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തിന് അത്യന്താപേക്ഷിതമാണ്. കെ.ഇ.ആർ. പ്രകാരം 8,9,10 ക്ലാസുകളിൽ ആഴ്ചയിൽ '5' പീരിയഡ് ഉണ്ടെങ്കിൽ ഹൈസ്കൂൾ തലത്തിൽ ഒരു കായിക അധ്യാപക തസ്തിക അനുവദിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത ചട്ടത്തിനു വിരുദ്ധമായി 8, 9 ക്ലാസുകളിൽ '5' ഡിവിഷനുകൾ ഉണ്ടെങ്കിൽ മാത്രമേ ടി തസ്തികയിൽ നിയമനം അനുവദിക്കുന്നുള്ളുവെന്നും അതുമൂലം നിരവധി വിദ്യാലയങ്ങളിൽ കായികാധ്യാപക തസ്തിക ഇല്ലാതാകുവാൻ കാരണമായിട്ടുണ്ട് എന്നതു സംബന്ധിച്ച് നിരവധി ഹർജികൾ സമിതി മുമ്പാകെ ലഭിച്ചിട്ടുണ്ട്. ആയതിനാൽ കെ.ഇ.ആർ.-ലെ വ്യവസ്ഥകൾക്കനുസൃതമായിത്തന്നെ കായികാധ്യാപക തസ്തികയിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

48. പി.എസ്.സി.-യുടെ ഒരു റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ഉദ്യോഗാർത്ഥികൾക്കും നിയമനം ലഭിച്ചിരിക്കണമെന്നില്ല. ടി റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ ഉണ്ടാകുന്ന ഒഴിവുകൾ, പുതിയ തസ്തികകൾ സൃഷ്ടിക്കൽ എന്നിവയുടെ അടിസ്ഥാനത്തിലാണ് നിയമനം ലഭിക്കുന്നത്. എന്നാൽ കാലാവധിക്കുള്ളിൽ വേണ്ടത്ര ഒഴിവുകൾ ഉണ്ടായിട്ടും റാങ്ക് ലിസ്റ്റിൽ മതിയായ ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്താതിരുന്നതുമൂലം കാലാവധി കഴിയുന്നതിനു മുൻപുതന്നെ ചില റാങ്ക് ലിസ്റ്റുകൾ റദ്ദായിട്ടുണ്ടെന്ന് സമിതിയ്ക്ക് ബോധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ അത്തരം സാഹചര്യം ഒഴിവാക്കുന്നതിന് കർശന നടപടി സ്വീകരിക്കണമെന്നും ഓരോ റാങ്ക് ലിസ്റ്റും മതിയായ എണ്ണം ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ടുവേണം പ്രസിദ്ധീകരിക്കേണ്ടതെന്നും സമിതി ശിപാർശ ചെയ്യുന്നു.

49. മുൻവർഷങ്ങളിൽ ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി അധ്യാപക തസ്തികകളിലേക്കുള്ള യോഗ്യതകൾ വ്യത്യസ്തമായിരുന്നു. കൂടാതെ ഇവ വ്യത്യസ്ത ഡയറക്ടറേറ്റുകൾക്ക് കീഴിലുമായിരുന്നു. ഇപ്പോൾ ഹയർ സെക്കന്ററി ഡയറക്ടറേറ്റ്,

വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റ് എന്നിവ ഡയറക്ടർ ജനറൽ ഓഫ് എഡ്യൂക്കേഷന്റെ കീഴിൽ ഒരു ഡയറക്ടറേറ്റായി പ്രവർത്തിക്കുന്നതിനാലും ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി അധ്യാപക യോഗ്യതകൾ ഏകീകരിച്ചുകൊണ്ട് സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തിയിട്ടുള്ളതിനാലും വി.എച്ച്.എസ്.ഇ. ജൂനിയർ അധ്യാപക റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാലും വി.എച്ച്.എസ്.ഇ. ജൂനിയർ അധ്യാപക തസ്തികയിലെ ഒഴിവുകളിൽ എച്ച്.എസ്.എസ്.റ്റി. ജൂനിയർ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുവാൻ സാധിക്കുമോ എന്ന് പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

50. യു.പി.എസ്.സി. മാതൃകയിൽ വിവിധ പി.എസ്.സി. പരീക്ഷകളുടെ വാർഷിക കലണ്ടർ, പരീക്ഷാ തീയതി സഹിതം മുൻകൂട്ടി പ്രസിദ്ധീകരിച്ചാൽ ആയത് ഉദ്യോഗാർത്ഥികൾക്ക് വിവിധ പരീക്ഷകൾക്കായി തയ്യാറെടുക്കുവാൻ സഹായകമാവുമെന്നതിനാൽ പ്രസ്തുത വാർഷിക കലണ്ടർ മുൻകൂട്ടി പ്രസിദ്ധീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

51. നിലവിൽ വിവിധ തസ്തികകളിലേക്കുള്ള പി.എസ്.സി. പരീക്ഷയുടെ നോട്ടിഫിക്കേഷൻ മുതൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതുവരെയുള്ള നടപടികളിൽ വളരെയധികം കാലതാമസം ഉണ്ടാകുന്നുണ്ട്. പ്രസ്തുത നടപടികൾ ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

52. സമിതിയുടെ മേൽപ്പറഞ്ഞ ശിപാർശകളിന്മേലും നിർദ്ദേശങ്ങളിന്മേലും സർക്കാർ അർഹിക്കുന്ന ഗൗരവത്തോടുകൂടി തുടർനടപടി സ്വീകരിക്കുമെന്നും അതിലൂടെ പി.എസ്.സി.-യുടെ വിവിധ റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ പരിഹാരം കാണാനാകുമെന്നും സമിതി പ്രത്യാശിക്കുന്നു.

റ്റി. വി. രാജേഷ്,
*അദ്ധ്യക്ഷൻ,*
*യുവജനക്ഷേമവും യുവജനകാര്യവും*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2021 ജനുവരി 22.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.